**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 753** **24-08-2022 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ റിസ്ക് ഫണ്ട് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങൾ വഴി റിസ്ക് ഫണ്ടിന് അപേക്ഷിച്ചവരുടെ വിശദാംശം നല്കുമോ; | (എ) | 438 അപേക്ഷകൾ ബോർഡിൽ ലഭ്യമായിട്ടുണ്ട്. വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ആനുകൂല്യം ഏത് വർഷം വരെ വിതരണം ചെയ്തെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത 438 അപേക്ഷകളിൽ അർഹതപ്പെട്ട 295 വായ്പക്കാർക്ക് 2,57,66,559/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. 104 അപേക്ഷകൾ ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ നിരസിച്ചിട്ടുള്ളതും 16 അപേക്ഷകൾ വിവിധ സഹകരണ ബാങ്ക്/സംഘത്തിൽ നിന്നും ന്യൂനതകൾ പരിഹരിച്ച് ലഭിക്കാനുള്ളതും 2022 വർഷത്തിലെ 23 അപേക്ഷകൾ ഇനി ബോർഡിൽ നിന്നും നടപടികൾ സ്വീകരിക്കാനുള്ളതുമാണ്. |
| (സി) | റിസ്ക് ഫണ്ട് വിതരണം ചെയ്യുന്നതിന് നിലവിൽ കാലതാമസമുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ? | (സി) | ചികിത്സാ സഹായവും, മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക് / സംഘമാണ് ബോർഡിലേക്ക് സമർപ്പിക്കേണ്ടത്. സംഘം/ബാങ്കുകളിൽ നിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകൾ ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ച് വരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യങ്ങൾ അനുവദിക്കുകയുമാണ് നിലവിൽ ചെയ്തു വരുന്നത്. ടി നടപടികൾക്ക് ശേഷവും ഉണ്ടായിട്ടുള്ള കുടിശ്ശിക ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ബോർഡിൽ ഫയൽ അദാലത്ത് നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**അരൂർ മണ്ഡലത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങൾ വഴി റിസ്ക് ഫണ്ടിന് അപേക്ഷിച്ചവരുടെ വിശദവിവരങ്ങൾ**

| ക്രമ നം. | ബാങ്ക് | ലഭിച്ച അപേക്ഷ |
|---|---|---|
| 1 | AROOR GRAMEENA SCB 1436 | 8 |
| 2 | AROOR CENTRAL SCB 617 | 18 |
| 3 | CHANDIROOR SCB 959 | 13 |
| 4 | EZHUPUNNA SCB 953 | 13 |
| 5 | EZHUPUNNA SOUTH SCB 1124 | 47 |
| 6 | PARAYAKKAD SCB 2869 | 46 |
| 7 | ERAMALLOR SCB 1175 | 29 |
| 8 | THURAVUR COOP BANK 935 | 22 |
| 9 | ARUKUTTY SCS 1008 | 8 |
| 10 | PERUMBALAM SCB 46 | 2 |
| 11 | PANAVALLY VILLAGE SCB 1249 | 10 |
| 12 | PANAVALLY SCB 901 | 17 |
| 13 | THYCATTUSSERY SCB 326 | 7 |
| 14 | THYCATTUSSERY SCB 275 | 15 |
| 15 | PALLIPPURAM VILLAGE SCB 335 | 22 |
| 16 | PALLIPPURAM SCB 1308 | 19 |
| 17 | THIRUNALLUR SCB 1250 | 9 |
| 18 | THURAVUR SOUTH SCB 2727 | 18 |
| 19 | THURAVUR KIZHAKKEKARA SCB 1053 | 9 |
| 20 | VALAMANGALAM SCB 1444 | 2 |
| 21 | ALAPPUZHA DCB 4310 | 104 |
| | **Total** | **438** |

സെക്ഷൻ ഓഫീസർ